**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 264** **07-10-2024 - ൽ മറുപടിയ്ക്ക്**

**വിദേശ രാജ്യങ്ങളിലെ എം.ബി.ബി.എസ്. പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വിദേശ രാജ്യങ്ങളിൽ എം.ബി.ബി.എസ് പഠനം പൂർത്തിയാക്കിയവർക്ക് പെർമനന്റ് രജിസ്ട്രേഷൻ വേഗത്തിൽ ലഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | വിദേശത്ത് നിന്നും മെഡിക്കൽ പഠനം പൂർത്തിയാക്കി വരുന്ന വിദ്യാർത്ഥികളുടെ +2, State Board, National Board of Examination, University, Embassy എന്നിവിടങ്ങളിൽ നിന്നുള്ള വെരിഫിക്കേഷൻ പൂർത്തിയാക്കി, passport details, അപേക്ഷയിലെ അപാകതകൾ എന്നിവ പരിഹരിച്ചതിന് ശേഷം കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിലെ, കൗൺസിൽ അംഗങ്ങൾ അടങ്ങിയ സ്ക്രൂട്ടിണി കമ്മിറ്റി അംഗീകരിച്ചതിനുശേഷം മാത്രമാണ് ഇന്റേൺഷിപ്പ് ചെയ്യുന്നതിനായുള്ള പ്രൊവിഷണൽ രജിസ്ട്രേഷൻ, ക്ലർക്ക്ഷിപ്പ് എന്നിവ അനുവദിക്കുന്നത്. തുടർന്ന് ടി വിദ്യാർത്ഥികൾ ഇന്റേൺഷിപ്പ്/ക്ലർക്ക്ഷിപ്പ് വിജയകരമായി പൂർത്തീകരിക്കുന്ന മുറയ്ക്ക് കൗൺസിലിൽ സ്ഥിര രജിസ്ട്രേഷൻ വേണ്ടി അപേക്ഷ സമർപ്പിക്കേണ്ടതും, ഇത്തരത്തിൽ ലഭ്യമാകുന്ന അപേക്ഷകളിന്മേൽ ഇന്റേൺഷിപ്പ് സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ, ആവശ്യമെങ്കിൽ ഗ്രാജ്യുവേഷൻ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ എന്നിവ പൂർത്തിയാക്കിയതിന് ശേഷം വീണ്ടും സ്ക്രൂട്ടിണി കമ്മറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കുകയും തുടർന്ന് കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ നിന്നും സ്ഥിര രജിസ്ട്രേഷൻ അനുവദിക്കുകയും ചെയ്യുന്നു. |
| (ബി) | പെർമനന്റ് രജിസ്ട്രേഷന് അപേക്ഷിച്ചവരിൽ രജിസ്ട്രേഷൻ നൽകാതിരിക്കാൻ പൊതുവെയുണ്ടാകുന്ന കാരണങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (ബി) | ദേശീയ മെഡിക്കൽ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്കും സർക്കുലറുകൾക്കും വിരുദ്ധമായി, വിദേശത്ത് നിന്നും മെഡിക്കൽ പഠനം ഓൺലൈനായി പൂർത്തിയാക്കുന്നതും, ഒന്നിലധികം യൂണിവേഴ്സിറ്റികളിൽ നിന്നും (mobility programme ഒഴികെയുള്ള) പൂർത്തിയാക്കുന്നതും, മോഡേൺ മെഡിസിൻ കൗൺസിൽ നിർദ്ദേശിക്കുന്ന തരത്തിൽ ഇന്റേൺഷിപ്പ് അല്ലെങ്കിൽ clerkship |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കാത്തതിനാലുമാണ് സ്ഥിര രജിസ്ട്രേഷൻ നൽകുന്നതിന് സാധിക്കാത്തത്. |
| (സി) | ഉക്രൈയ്ൻ യുദ്ധ സാഹചര്യങ്ങളും കോവിഡും ഇത്തരം അപേക്ഷകരെ എങ്ങനെയാണ് സ്വാധീനിച്ചതെന്ന് അറിയിക്കുമോ? | (സി) | കോവിഡ് 19, ഉക്രൈൻ യുദ്ധം എന്നിവ മൂലം വിദേശ മെഡിക്കൽ യൂണിവേഴ്സിറ്റികളിൽ നിന്നും ഇന്ത്യയിലെത്തി ഓൺലൈൻ ആയി പഠനം പൂർത്തിയാക്കിയ വിദേശ-മെഡിക്കൽ ബിരുദധാരികളെ സംബന്ധിച്ച് 28/07/2022, 09/05/2023 തീയതികളിൽ നാഷണൽ കമ്മീഷൻ പബ്ലിക് നോട്ടീസ് പുറപ്പെടുവിക്കുകയും തുടർന്ന് 07/12/2023, 07/06/2024, 19/06/2024 എന്നീ തീയതികളിൽ ആയതിന്മേൽ വ്യക്തത വരുത്തിയിട്ടുള്ളതുമാണ്. ദേശീയ മെഡിക്കൽ കമ്മീഷന്റെ മേൽ ഉത്തരവുകളുടെയും, സംസ്ഥാന മോഡേൺ മെഡിസിൻ കൗൺസിൽ തീരുമാനങ്ങളുടേയും അടിസ്ഥാനത്തിലാണ് കേരള സ്റ്റേറ്റ് കൗൺസിലിൽ നിന്നും വിദേശ മെഡിക്കൽ ബിരുദധാരികൾക്ക് Provisional/ Permanent Registration Certificate നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ